മുരിങ്ങേരി നോർത്ത് എൽ.പി. സ്കൂൾ

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - 2026

മുരിങ്ങേരി നോർത്ത് എൽ.പി സ്കൂൾ

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

ആമുഖം:- 2025-26 അധ്യയന വർഷം സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിക്ക് ആരംഭം കുറിക്കുകയാണ്. മുഴുവൻ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ വിവിധ പദ്ധതികൾ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. പഠനപ്രവർത്തനങ്ങൾ സ്വയം ഏറ്റെടുത്ത് നടപ്പിലാക്കുക, കുട്ടികളിൽ ആത്മവിശ്വാസം വളർത്തിയെടുക്കുക, പഠനപ്രവർത്തനങ്ങൾ എല്ലാ കുട്ടികളിലേക്കും എത്തിക്കുക, പഠനപിന്തുണ ആവശ്യമുള്ള കുട്ടികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക, തുടങ്ങിയ ഉദ്ദേശ്യലക്ഷ്യങ്ങൾ ഉൾക്കൊള്ളുന്ന പദ്ധതികൾ ആസൂത്രണിച്ചിട്ടുണ്ട്

ഭാഷ :- മികച്ച വായനക്കാരെ കണ്ടെത്തൽ, ഒഴുക്കോടെയുള്ള സ്വതന്ത്രവായന, വായിച്ചറിഞ്ഞ കാര്യങ്ങൾ പ്രകടിപ്പിക്കാനുള്ള അവസരങ്ങൾ ഒരുക്കൽ, സ്വതന്ത്രരചന, സർഗ്ഗാത്മകശേഷി എന്നിവ വർധിപ്പിക്കൽ തുടങ്ങി

ഭാഷാ കാര്യങ്ങൾ ലക്ഷ്യം വെക്കുന്ന പ്രവർത്തന ങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്

ഗണിതം:- സങ്കലനം, വ്യവകലനം തുടങ്ങിയ ചതുഷ്ക്രിയകളുടെ പ്രക്രിയാശേഷികൾ മനസ്സിലാക്കുകയും മനഃഗണിതത്തിലൂടെ അവതരിപ്പിക്കാനുള്ള കഴിവ് നേടുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയുള്ള പ്രവർ ത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

പ്രവർത്തനങ്ങൾ:-

1 വായനാക്കളരി:-

ലക്ഷ്യം:- മുഴുവൻ കുട്ടികളെയും മികച്ച വായന ക്കാരായി മാറ്റിയെടുക്കുക, അക്ഷരങ്ങൾ, ചിഹ്നങ്ങൾ എന്നിവയിൽ ഉണ്ടാകുന്ന പ്രശ്ന ങ്ങൾ പരിഹരിക്കുക

സമയം:- ജൂൺ. മാർച്ച്

പ്രവർത്തനങ്ങൾ:- വാക്കുകൾ ഉണ്ടാക്കിക്കളി- ക്കാം, പദക്കളി, പദസൂര്യൻ, [illegible]

കുട്ടികൾക്ക് ആസ്വാദ്യതലത്തിൽ ലളിതമായ പ്രവർത്തനങ്ങൾ നൽകുകയും, തുടർന്ന് വരുന്ന ഘട്ടങ്ങളിൽ വായനയ്ക്ക് പ്രാധാന്യം നൽകിക്കൊ ണ്ടുള്ള പ്രവർത്തനങ്ങൾ തയ്യാറാക്കുകയും ചെയ്യുന്നു.

2) മാജിക്കൽ സയൻസ്:-

ലക്ഷ്യം:- കുട്ടികളിൽ ശാസ്ത്രജ്ഞാനം വളർത്തിയെടുക്കുക, ശാസ്ത്രത്തെക്കുറിച്ചുള്ള അവബോധം വളർത്തിയെടുക്കുക

സമയം:- ജൂലൈ - ഫെബ്രുവരി

ചുമതല: സയൻസ് ക്ലബ്ബ്

സയൻസ് ക്ലബ്ബ് നേതൃത്വം നൽകുന്ന മാജിക്കൽ സയൻസ് എന്ന പരിപാടി ആഴ്ചയിൽ 1 ദിവസം ശാസ്ത്രപരീക്ഷണ പ്രവർത്തനങ്ങൾ ചെയ്യുകയും കുറിപ്പ് തയ്യാറാക്കുകയും ചെയ്യുന്നു.

3) Easy English:- [English Enrichment Programme]
(June - March)

ലക്ഷ്യം:- എല്ലാ കുട്ടികളിലും ഇംഗ്ലീഷ് പഠനം കാര്യക്ഷമമാക്കുക എന്ന ലക്ഷ്യത്തോടുകൂടി വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്. Spoken English programme, Word a day, Programme, English Assembly, English Corner, game activity, English day etc are Conducting in the School.

# അക്കാദമിക മാസ്റ്റർ
# പ്ലാൻ

## 2025 - 2026

I - STD

# ദൈനംദിന
# കുറിപ്പ്

class 11

4) കായിക പരിശീലനം - (August - December)

ലക്ഷ്യം:- കായിക പരിശീലനം കാര്യക്ഷമമാക്കൽ

ആരോഗ്യ-കായിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം കുട്ടികളിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ തീരുമാനിച്ചു. പ്രത്യേകമായ അധ്യാപകരുടെ സഹായത്താൽ പരിശീലനം സംഘടിപ്പിക്കും.

5) **Field** trip:- ആഗസ്റ്റ് - നവംബർ

ലക്ഷ്യം:- പ്രകൃതിയെ തൊട്ടറിഞ്ഞും കണ്ടറിഞ്ഞും അറിവ് സമ്പാദിക്കുക

സയൻസ്, സോഷ്യൽ സയൻസ് എന്നീ ക്ലബ്ബുകളുടെ നേതൃത്വത്തിൽ field trip കൾ സംഘടിപ്പിക്കുകയും പ്രകൃതി പാഠങ്ങൾ മനസ്സിലാക്കുകയും ചെയ്യുന്നു.

6) ബാലസഭ:- ജൂലൈ - ഡിസംബർ

ലക്ഷ്യം:- കുട്ടികളിലെ സർഗ്ഗാത്മക കഴിവുകളെ വളർത്തിയെടുക്കുക, കുട്ടികളിൽ അന്തർലീനമായിട്ടുള്ള കഴിവുകൾ കണ്ടെത്തുന്നതിനു വേണ്ടി എല്ലാ വെള്ളിയാഴ്ചകളിലും സ്കൂൾതല ബാലസഭകൾ സംഘടിപ്പിക്കണം. എല്ലാ വിഭാഗക്കാരെയും പരിഗണിക്കണം.

2025-26

# Academic Master Plan

## V Std English Enrichment Programme

Activities

### Listening

- Voice news
- One day one news
- Listen to the teacher
- Word Order
- Action Song

### Speaking

- Self introduction
- description
- Enrich Vocabulary
- Role Play

### Reading

- Word Relay
- Chain Reading
- Library reading
- News Reading

# അക്കാദമിക മാസ്റ്റർ പ്ലാൻ

Std - IV

മേഖല : അക്കാദമികം ക്ലാസ് : III

ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിത്യജീവിതത്തിൽ വിവിധ ആവശ്യങ്ങൾ, കളികൾ എന്നിവയോട് അനുബന്ധിച്ച് ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു, നിർമ്മിക്കുന്നു ജ്യാമിതീയ രൂപങ്ങൾ അവലോകിക്കുന്നു. | ജ്യാമിതീയ സൗന്ദര്യം ആസ്വദിക്കുന്ന ഗണിതപഠനവും മറ്റു പ്രവർത്തനങ്ങളും ഉൾപ്പെടുത്തുന്നു. ഓറിഗാമി പോലുള്ള രൂപങ്ങൾ നിർമ്മിക്കൽ പ്രവർത്തിപ്പിക്കൽ. | | | S.S.A<br>S.S.A |

7) <u>പ്രവർത്തനക്വിസ്</u>: പ്രവർത്തനവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ നൽകുകയും കുട്ടികൾ ഉത്തരങ്ങൾ ഉത്തരപ്പെട്ടിയിൽ നിക്ഷേപിക്കുകയും ചെയ്യുന്നു. നറുക്കെടുപ്പിലൂടെ വിജയിയെ തെരഞ്ഞെടുക്കുന്നു.

8) <u>ദിനാചരണങ്ങൾ</u>

വിവിധ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിവിധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ നടന്നു വരുന്നുണ്ട്. ഈ വർഷവും ദിനാചരണങ്ങൾക്ക് വിവിധ ക്ലബ്ബുകൾ നേതൃത്വം നൽകുന്നു.

- പരിസ്ഥിതിദിനം
- വായനദിനം
- ബഷീർ ദിനം
- ചാന്ദ്രദിനം
- സ്വാതന്ത്ര്യദിനം
- അധ്യാപകദിനം